(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൈത്തറി-നെയ്ത്ത്-തൊഴിലാളി ക്ഷേമപദ്ധതി

5 (*275)ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി-നെയ്ത്ത് തൊഴിലാളി ക്ഷേമ പദ്ധതിയിൽ നാളിതുവരെ എത്ര തൊഴിലാളികളെ അംഗങ്ങളായി ചേർത്തിട്ടുണ്ട്;

(ബി) ഭൂരിപക്ഷം കൈത്തറി തൊഴിലാളികളും ക്ഷേമപദ്ധതിയിൽ അംഗങ്ങളായിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷേമനിധി ബോർഡിന്റെ മുമ്പാകെ തീർപ്പാകാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും വേണ്ടിയുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു പരിഹാരനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 43793 പേർ

(ബി) ഇല്ല.

(സി) ഇല്ല. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

(ഡി) പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നുണ്ട്. ബോർഡിന് 3 മുതൽ 5 വരെ ജില്ലകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റീജിയണൽ ഓഫീസുകൾ മാത്രം പ്രവർത്തിക്കുന്നതിനാൽ, ജോലിഭാരംമൂലം അപേക്ഷകളിൽ തീരുമാനമെടുക്കുവാൻ കുറച്ച് കാലതാമസം നേരിടാറുണ്ട്. എന്നാൽ, അപേക്ഷകൾ നടപടി എടുക്കാതെ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നില്ല.

ചെറുകിട വ്യവസായ യൂണിറ്റുകൾ നേരിടുന്ന ഭീഷണി

6 (*276)ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :

LIBRARY ARCHIVES Kerala Legislative Assembly